# പ്രകൃതിക്കായുള്ള മർ'മരം'

• പച്ചപ്പ് വീണ്ടെടുത്ത് ലോകത്തിലെ ആദ്യ കാർബൺതുലിത പഞ്ചായത്താകാനുള്ള പ്രവർത്തനത്തിലാണ് മീനങ്ങാടി

● പി ഒ ഷീജ

കൽപ്പറ്റ > ലോകം ചിന്തിക്കുന്നതിനുമുമ്പേ മീനങ്ങാടി പ്രവൃത്തിച്ചുതുടങ്ങിയിരുന്നു. കാർബൺ തുലിത പദ്ധതിയിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതം തടയാനായിരുന്നു അത്. ഇതോടെ നഷ്ടമാകുന്ന പച്ചപ്പ് വീണ്ടെടുത്ത് ലോകത്തിലെ ആദ്യകാർബൺതുലിത പഞ്ചായത്താകാനുള്ള പ്രവർത്തനങ്ങൾ നാടെങ്ങും ചർച്ചയായി. എല്ലാ മേഖലകളെയും സംയോജിപ്പിച്ച് ജനകീയ കൂട്ടായ്മയിലൂടെ സുസ്ഥിരവികസനമെന്ന ലക്ഷ്യത്തോടെയായിരുന്നു പ്രവർത്തനം. സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് റിപ്പോർട്ട് പ്രകാരം കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം കൂടുതൽ അനുഭവപ്പെടുന്ന കേരളത്തിലെ നാലുജില്ലകളിൽ ഒന്നാണ് വയനാട്. ഈ സാഹചര്യത്തിലായിരുന്നു പദ്ധതി തുടങ്ങിയത്.

ഒരോപ്രദേശത്തും ഉണ്ടാകുന്ന കാർബൺ വാതകങ്ങളെ ആ പ്രദേശത്ത് വളരുന്ന മരങ്ങൾ വലിച്ചെടുത്ത് നിർവീര്യമാക്കുന്നതാണ് 'കാർബൺതുലിതം'. കാർബൺ ബഹിർഗമനം കുറയ്ക്കാൻ ഗ്യാസ് ശ്മശാനവും വൈദ്യുതി പ്രസരണത്തിലൂടെയുള്ള ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കാൻ എൽഇഡി ബൾബ് നിർമാണ യൂണിറ്റും തുടങ്ങി. ഓരോ മേഖലയിലും സൃഷ്ടിക്കപ്പെടുന്ന ഹരിതഗൃഹവാതകം എത്രയെന്ന് തിട്ടപ്പെടുത്തിയായിരുന്നു മരംനടൽ.

## 'പുണ്യവന'ങ്ങളുടെ മേലാപ്പ്

മാനികാവ് അമ്പലത്തിന്റെ ഉടമസ്ഥതയിലുള്ള 38 ഏക്കർ തരിശുഭൂമി ഇപ്പോൾ വൃക്ഷനിബിഡമാണ്. തേന്മാവ്, അത്തി, അരയാൽ, കാഞ്ഞിരം, പേരാൽ, നെല്ലി, ഞാവൽ തുടങ്ങി അപൂർവ ജനുസ്സിൽപ്പെട്ട മരങ്ങളും ഹരിതാഭമാക്കുന്നു. എം എസ് സ്വാമിനാഥൻ ഗവേഷണനിലയത്തിന്റെയും സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെയും സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. ഇതുപോലെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 'പുണ്യവനം' പദ്ധതിയിൽ വനവൽക്കരണം തുടങ്ങി. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ കുടുംബശ്രീ ഹരിതകർമസേന, തൊഴിലും വരുമാനവും ഉറപ്പാക്കി തുണിസഞ്ചി നിർമാണ യൂണിറ്റ്, ശാസ്ത്രീയമായ അജൈവമാലിന്യ സംസ്കരണപ്ലാന്റ് തുടങ്ങി ഒട്ടേറെ പദ്ധതികളും നടപ്പാക്കുന്നു.

38 വനിതകൾ അടങ്ങിയ ഹരിതസേനയാണ് പഞ്ചായത്തിലെ വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും കയറിയിറങ്ങി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നത്. പ്ലാസ്റ്റിക് സംസ്കരിച്ച് ഗ്രീൻകേരളയ്ക്ക് ടാർ നിർമാണത്തിനാവശ്യമായ അസംസ്കൃതവസ്തു നൽകുന്നു. 12പേരടങ്ങുന്ന തുണിസഞ്ചി നിർമാണ യൂണിറ്റുമുണ്ട്. ജൈവമാലിന്യസംസ്കരണപ്ലാന്റിൽ വ്യാപാരസ്ഥാപനങ്ങളിലെ മാലിന്യം ശേഖരിച്ച് സംസ്കരിച്ച് ജൈവവളമാക്കുന്നു. ഉറവിടമാലിന്യ സംസ്കരണത്തിന് മുഴുവൻ വീടുകളിലും പോട്ട് കംപോസ്റ്റ് യൂണിറ്റ് വിതരണംചെയ്തു.




## മരം നടാനും വായ്പ

കർഷകർക്ക് കൃഷിയിടങ്ങളിൽ വൃക്ഷത്തൈ നടാനും സംരക്ഷിക്കാനും ആദ്യ മൂന്നുവർഷം 3000രൂപയും പിന്നീട് ഓരോവർഷവും 500വീതവും നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതിയും നടപ്പാക്കുന്നു.

കുടുംബശ്രീ ആഭിമുഖ്യത്തിൽ 38 ഏക്കറിൽ ജൈവപച്ചക്കറി കൃഷിയുമുണ്ട്. പച്ചക്കറി ശേഖരിച്ച് വിപണനം നടത്താൻ 'നാട്ടുപച്ച' സംഭരണവിതരണ കൂട്ടായ്മയുമുണ്ട്.

Deshabhimani Daily- 22-02-2018 -P-05